## 127/2023-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. സുഡാനിൽ നിന്നും ഇന്ത്യക്കാരെ ഒഴിപ്പിക്കുന്നതിനുള്ള രക്ഷാദൗത്യം എന്ത് പേരിലാണ് അറിയപ്പെടുന്നത്?

   (A) ഓപ്പറേഷൻ ഗംഗ
   (B) ഓപ്പറേഷൻ ബ്ലൂസ്റ്റാർ
   (C) ഓപ്പറേഷൻ ടൈഗർ
   (D) ഓപ്പറേഷൻ കാവേരി

2. ചുവടെ കൊടുത്തിരിക്കുന്നവയിൽ 1857-ലെ കലാപവുമായി ബന്ധപ്പെടാത്ത നേതാക്കന്മാർ ആരെല്ലാം?

   (A) നാനാസാഹിബ്, താന്തിയാതോപ്പി
   (B) ഭക്ത്ഖാൻ, ബഹദൂർഷ II
   (C) സിദ്ദു, കാനു
   (D) കുൻവർസിംഗ്, ഗോനു

3. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളിൽ നിസ്സഹകരണപ്രസ്ഥാനവുമായി ബന്ധമില്ലാത്തത് ഏത്?

   (A) ഖിലാഫത്ത് പ്രസ്ഥാനം
   (B) സൈമൺ കമ്മീഷൻ റിപ്പോർട്ട്
   (C) സിഡ്നി റൗലറ്റ് കമ്മിറ്റി റിപ്പോർട്ട്
   (D) ജാലിയൻ വാലാബാഗ് കൂട്ടക്കൊല

4. 'നാട്ടുക്കൂട്ടം ഇളക്കം' എന്ന ജനകീയ പ്രക്ഷോഭത്തിന് നേതൃത്വം നല്കിയ നേതാവ് ആരായിരുന്നു?

   (A) വേലുത്തമ്പി ദളവ
   (B) വീരപാണ്ഡ്യകട്ടബൊമ്മൻ
   (C) കിട്ടൂർ ചന്നമ്മ
   (D) പഴശ്ശിരാജ

5. ബ്രിട്ടീഷുകാർക്ക് ഇന്ത്യയിലെ ആദ്യത്തെ ഫാക്ടറി സൂറത്തിൽ സ്ഥാപിക്കുവാൻ അനുവാദം നല്കിയ ഭരണാധികാരി :

   (A) അക്ബർ
   (B) ഷാജഹാൻ
   (C) ജഹാംഗീർ
   (D) ഔറംഗസീബ്

6. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ 1940-ലെ ആഗസ്റ്റ് വാഗ്ദാനത്തിൽ ഉൾപ്പെടാത്ത പ്രസ്താവന ഏത്?

(A) ഇന്ത്യയ്ക്ക് ഒരു ഭരണഘടന തയ്യാറാക്കുന്നതിനായി എല്ലാ രാഷ്ട്രീയ പാർട്ടികളേയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുക

(B) ഇന്ത്യയ്ക്ക് പുത്രികാരാജ്യപദവി നല്കുക

(C) ഇന്ത്യൻ നേതാക്കളെ ഉൾപ്പെടുത്തി വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ വിപുലീകരിക്കുക

(D) ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തുക.

7. ഒരു മാപ്പിൽ R.F = 1 : 100,000 എന്നു രേഖപ്പെടുത്തിയിരിക്കുന്നു എങ്കിൽ ഭൂമിയിലെ അകലം എത്രയായിരിക്കും?

(A) 1 mm = 0.1 km
(B) 1 cm = 1 km
(C) 1 cm = 10 km
(D) 1 cm = 100 km

8. പവിഴപ്പുറ്റുകൾ കാണപ്പെടുന്നത് ഏത് അക്ഷാംശങ്ങളിലെ ഇളംചൂടുള്ള സമുദ്രജലത്തിലാണ്?

(A) $30^\circ$ N and $30^\circ$ S
(B) $45^\circ$ N and $45^\circ$ S
(C) $50^\circ$ N and $50^\circ$ S
(D) $60^\circ$ N and $60^\circ$ S

9. ഏത് വാതകമാണ് 'മാഗ്മ'യിൽ കാണപ്പെടുന്നത്?

(A) $CO_2$
(B) നൈട്രജൻ
(C) ക്ലോറിൻ
(D) ഇവയെല്ലാം

10. ഇന്ത്യയിലെ ഒരു പ്രധാന ഹിൽ സ്റ്റേഷൻ ആയ 'സോൻമാർഗ്' സ്ഥിതിചെയ്യുന്നത് :

(A) ഹിമാചൽ പ്രദേശ്
(B) സിക്കിം
(C) ഉത്തരാഖണ്ഡ്
(D) ജമ്മു-കാശ്മീർ

11. ഉത്തരമഹാസമതലത്തിൽ കാണപ്പെടുന്ന മണ്ണ് ഇനം :

(A) എക്കൽ മണ്ണ്
(B) കറുത്ത മണ്ണ്
(C) ചുവന്ന മണ്ണ്
(D) ലാറ്ററൈറ്റ് മണ്ണ്

12. ഇന്ത്യയുടെ ഏറ്റവും വടക്കേ അറ്റത്തുള്ള സംസ്ഥാനം :

(A) ജമ്മു-കാശ്മീർ
(B) ഹിമാചൽ പ്രദേശ്
(C) ലഡാക്ക്
(D) ഉത്തരാഖണ്ഡ്

13. 'യൂണിവേഴ്സൽ ഫൈബർ' എന്നറിയപ്പെടുന്ന വിള :

(A) റബ്ബർ
(B) കരിമ്പ്
(C) ചണം
(D) പരുത്തി

14. ഇന്ത്യയുടെ 'ധാതുകലവറ' എന്നറിയപ്പെടുന്ന സംസ്ഥാനം :

(A) ജാർഖണ്ഡ്
(B) കേരളം
(C) രാജസ്ഥാൻ
(D) മദ്ധ്യപ്രദേശ്

15. 'ഹരിത വിപ്ലവത്തിന്റെ ഏഷ്യൻ ഭവനം' എന്നറിയപ്പെടുന്ന രാജ്യം ഏത്?

(A) ഇന്ത്യ
(B) ശ്രീലങ്ക
(C) ഫിലിപ്പൈൻസ്
(D) പാക്കിസ്ഥാൻ

16. പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ :

(A) ഉദാരവൽക്കരണം
(B) സ്വകാര്യവൽക്കരണം
(C) ആഗോളവൽക്കരണം
(D) ഇവയെല്ലാം

17. 'ഓപ്പറേഷൻ ഫ്ലഡ്' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മത്സ്യ ഉല്പാദനം
(B) ക്ഷീര വികസനം
(C) പഴം-പച്ചക്കറി ഉല്പാദനം
(D) പട്ടുനൂൽപ്പുഴു വളർത്തൽ

18. 2023-ലെ G7 ഉച്ചകോടി വേദി :

(A) ന്യൂഡൽഹി
(B) ജനീവ
(C) ഹിരോഷിമ
(D) ടോക്കിയോ

19. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് പ്രവർത്തനം ആരംഭിച്ചത് :

(A) 1975 സെപ്തംബർ 9 (B) 1968 സെപ്തംബർ 29

(C) 1973 ഡിസംബർ 19 (D) 1970 നവംബർ 1

20. KSSM-ന്റെ പൂർണ്ണരൂപം :

(A) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (B) കേരള സർവ്വീസ് സോഷ്യൽ മിഷൻ

(C) കേന്ദ്രീയ സോഷ്യൽ സർവ്വീസ് മിഷൻ (D) കേരള സ്ക്കൂൾ സെക്യൂരിറ്റി മിഷൻ

21. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ആസ്ഥാനം :

(A) കോട്ടയം (B) എറണാകുളം

(C) തിരുവനന്തപുരം (D) കോഴിക്കോട്

22. കേരള സംസ്ഥാന തണ്ണീർത്തട (പദ്ധതി) അതോറിറ്റി നിലവിൽ വന്നത് :

(A) 10.05.2000 (B) 05.05.2005

(C) 15.05.2015 (D) 25.05.2015

23. മാർഗ്ഗനിർദ്ദേശക തത്വങ്ങളിൽ കുടിൽ വ്യവസായത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ് :

(A) 38 (B) 72

(C) 36 (D) 43

24. മാർഗ്ഗനിർദ്ദേശക തത്വങ്ങൾ പ്രതിപാദിക്കുന്ന വകുപ്പ് :

(A) 36-51 (B) 12-35

(C) 28-51 (D) 5-11

25. ഭരണഘടന നിർമ്മാണ സമിതി ഭരണഘടന അംഗീകരിച്ചത് :

(A) 1950 ജനുവരി 26 (B) 1947 ഓഗസ്റ്റ് 15

(C) 1949 നവംബർ 26 (D) 1950 ജനുവരി 9

26. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം എഴുതിയതാര്?

(A) ജവഹർലാൽ നെഹ്റു
(B) മഹാത്മാഗാന്ധി
(C) മോട്ടിലാൽ നെഹ്റു
(D) അംബേദ്ക്കർ

27. ഇന്ത്യൻ ഭരണഘടനയിൽ പൗരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പുകൾ :

(A) 12-36
(B) 14-19
(C) 5-11
(D) 32-36

28. ഇന്ത്യൻ ഭരണഘടനയിൽ പേറ്റന്റിനെക്കുറിച്ച് പ്രതിപാദിക്കുന്ന (നിർവ്വചനം നൽകുന്ന) വകുപ്പ്?

(A) 12-ാം വകുപ്പ്
(B) 8-ാം വകുപ്പ്
(C) 9-ാം വകുപ്പ്
(D) 1-ാം വകുപ്പ്

29. 73-ാമത് ഭരണഘടന ഭേദഗതി എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മാർഗ്ഗനിർദ്ദേശകതത്വങ്ങൾ
(B) മൗലികാവകാശങ്ങൾ
(C) അടിയന്തരാവസ്ഥ
(D) പഞ്ചായത്ത് രാജ്

30. തുല്യ ജോലിക്ക് തുല്യ വേതനം - മാർഗ്ഗനിർദ്ദേശക തത്വങ്ങളിൽ ഏത് ആർട്ടിക്കിളുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) 39 (d)
(B) 38
(C) 40
(D) 43 (a)

31. ഭരണഘടന ശിൽപി എന്നറിയപ്പെടുന്നതാര്?

(A) രാജേന്ദ്രപ്രസാദ്
(B) അംബേദ്ക്കർ
(C) കെ.എം. മുൻഷി
(D) അല്ലാടി കൃഷ്ണസ്വാമി അയ്യർ

32. ബീജസങ്കലനം മനുഷ്യശരീരത്തിന്റെ ഏത് ഭാഗത്തുവെച്ച് നടക്കുന്നു?

(A) ഗർഭപാത്രത്തിന്റെ താഴ്ഭാഗം
(B) അണ്ഡവാഹിനിക്കുഴലിൽ
(C) ഗർഭപാത്രത്തിന്റെ മുകൾഭാഗം
(D) അണ്ഡാശയം

33. താഴെ കൊടുത്തിരിക്കുന്നതിൽ ഏത് ജീവകമാണ് ടോക്കോഫെറോൺ?

(A) ജീവകം എ
(B) ജീവകം ബി
(C) ജീവകം ഡി
(D) ജീവകം ഇ

34. മിനാമാറ്റ രോഗം ഏതിന്റെ മലിനീകരണവുമായിട്ട് ബന്ധപ്പെട്ടിരിക്കുന്നു?

(A) Cd മലിനീകരണം
(B) $SO_2$ മലിനീകരണം
(C) Hg മലിനീകരണം
(D) $NO_2$ മലിനീകരണം

35. മാംസ്യത്തിന്റെ കുറവുമൂലം ഉണ്ടാകുന്ന രോഗമേത്?

(A) ക്വാഷിയോർക്കർ
(B) വിളർച്ച
(C) തൈറോയിഡ്
(D) മുകളിൽ പറയുന്നവയെല്ലാം

36. വിഡാൽ (WIDAL) ടെസ്റ്റ് ഏത് രോഗനിർണ്ണയനത്തിനുപയോഗിക്കുന്നു?

(A) ടൈഫോയ്ഡ്
(B) എയ്ഡ്സ്
(C) ക്ഷയം
(D) ക്യാൻസർ

37. അന്താരാഷ്ട്ര യോഗദിനമേത്?

(A) ജൂൺ 20
(B) ജൂൺ 21
(C) ജൂൺ 22
(D) ജൂൺ 23

38. താഴെപ്പറയുന്ന പ്രസ്താവനകൾ വിലയിരുത്തി ഉത്തരമെഴുതുക :

(1) 'g' യുടെ പരമാവധി മൂല്യം ഭൂമദ്ധ്യരേഖയിലാണ്

(2) 'g' യുടെ പരമാവധി മൂല്യം ധ്രുവപ്രദേശങ്ങളിലാണ്

(A) (1) മാത്രം ശരി
(B) (2) മാത്രം ശരി
(C) (1), (2) തെറ്റാണ്
(D) (1), (2) ശരിയാണ്

39. സാധാരണ ടി.വി. റിമോട്ട് കൺട്രോളിൽ ഉപയോഗിക്കുന്ന തരംഗങ്ങൾ :

(A) ഇൻഫ്രാ റെഡ് രശ്മികൾ
(B) അൾട്രാ വയലറ്റ് രശ്മികൾ
(C) ഗാമാ കിരണങ്ങൾ
(D) മൈക്രോവേവ് കിരണങ്ങൾ

40. ഒരു ഗോളീയ ദർപ്പണത്തിന്റെ ഫോക്കസ് ദൂരം (f) 15 സെ.മീ. ആണെങ്കിൽ അതിന്റെ വക്രതാ ആരം (R) എത്ര?

(A) 30 സെ.മീ.
(B) 20 സെ.മീ.
(C) 15 സെ.മീ.
(D) 40 സെ.മീ.

41. 2023 മേയ് 5 ന് ഇന്ത്യയിൽ കാണപ്പെട്ട ചന്ദ്രഗ്രഹണം ഏതാണ്?

(A) പൂർണ്ണ ചന്ദ്രഗ്രഹണം
(B) കേന്ദ്ര ചന്ദ്രഗ്രഹണം
(C) പെൻബ്രൽ ചന്ദ്രഗ്രഹണം
(D) ഭാഗിക ചന്ദ്രഗ്രഹണം

42. 3d ഓർബിറ്റലിൽ ഉള്ള ഒരു ഇലക്ട്രോണിന് സാധ്യമായ $n$, $l$, $m$ എന്നിവയുടെ മൂല്യങ്ങൾ :

(A) $n = 3,\ l = 2,\ m = -1$
(B) $n = 2,\ l = 3,\ m = -2$
(C) $n = 3,\ l = 1,\ m = 1$
(D) $n = 1,\ l = 3,\ m = 3$

43. B, Al, Mg, K എന്നീ മൂലകങ്ങളെ പരിഗണിക്കുമ്പോൾ അവയുടെ ലോഹസ്വഭാവത്തിന്റെ ശരിയായ ക്രമം :

(A) B > Al > Mg > K
(B) Al > Mg > B > K
(C) Mg > Al > K > B
(D) K > Mg > Al > B

44. താഴെ കൊടുത്തിട്ടുള്ള പദാർത്ഥങ്ങളിൽ pH മൂല്യം 7 നെക്കാൾ കൂടുതൽ ഉള്ളത് ഏതിനാണ്?

(A) മനുഷ്യ ഉമിനീര്
(B) മനുഷ്യരക്തം
(C) നാരങ്ങാ നീര്
(D) ദഹനരസം

45. താഴെ കൊടുത്തിട്ടുള്ളതിൽ ആദർശ ലായനിക്ക് ഉദാഹരണമല്ലാത്തത് ഏതാണ്?

(A) ബെൻസീനും ടൊളുവീനും
(B) n-ഹെക്സെയ്നും n-ഹെപ്റ്റെയ്നും
(C) ഫീനോളും അനിലീനും
(D) ബ്രോമോ ഈഥെയ്നും ക്ലോറോ ഈഥെയ്നും

46. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ഹെർമ്മൻ ഗുണ്ടർട്ടുമായി ബന്ധപ്പെട്ടത് ഏത്?

(i) ഹെർമ്മൻ ഗുണ്ടർട്ട് ചർച്ച് മിഷൻ സൊസൈറ്റിയിലെ അംഗമായിരുന്നു

(ii) രാജ്യസമാചാരം, പശ്ചിമോദയം എന്നീ പേരുകളിൽ രണ്ട് മലയാള പത്രങ്ങൾ ആരംഭിച്ചു

(iii) 1846-ൽ ഇംഗ്ലീഷ്-മലയാളം നിഘണ്ടു പ്രസിദ്ധീകരിച്ചു

(iv) മലയാളത്തിലെ ആദ്യത്തെ നിഘണ്ടുവും വ്യാകരണ ഗ്രന്ഥവും തയ്യാറാക്കി

(A) (ii) (B) (i), (iv)

(C) (iii) (D) (i), (ii), (iii), (iv)

47. ഒളിംപിക്സിന്റെ ചരിത്രത്തിൽ ആദ്യമായി ജാവലിൻത്രോയിൽ ഇന്ത്യയ്ക്ക് സ്വർണ്ണമെഡൽ നേടിതന്ന കായികതാരം :

(A) കപിൽദേവ് (B) സച്ചിൻ ടെണ്ടുൽക്കർ

(C) നീരജ് ചോപ്ര (D) സൗരവ് ഗാംഗൂലി

48. 2022-ലെ എഴുത്തച്ഛൻ പുരസ്ക്കാരം ലഭിച്ചതാർക്ക്?

(A) ടി. പത്മനാഭൻ (B) പി. വത്സല

(C) കെ. സച്ചിദാനന്ദൻ (D) എ. സേതുമാധവൻ

49. താഴെ തന്നിരിക്കുന്നവയിൽ ശ്രീനാരായണഗുരുവിന്റെ പ്രസിദ്ധീകരണമേത്?

(A) വേദാധികാര നിരൂപണം (B) ആത്മവിദ്യാകാഹളം

(C) ആത്മോപദേശ ശതകം (D) ആത്മാനുതാപം

50. മാമാങ്കത്തിന്റെ അന്ത്യത്തിന് കാരണമായ ഘടകം ഏത്?

(A) സാമൂതിരിയുടെ മരണം (B) വള്ളുവക്കോനാതിരിയുടെ മരണം

(C) ഹൈദരാലിയുടെ ആക്രമണം (D) ഭാരതപ്പുഴയിലെ വെള്ളപ്പൊക്കം

51. ഒരു സംഖ്യയുടെ 25% ആ സംഖ്യയുടെ മൂന്നിലൊന്നിനേക്കാൾ 8 കുറവാണ്. സംഖ്യ കണ്ടെത്തുക :

(A) 94 (B) 96

(C) 92 (D) 90

52. തന്നിരിക്കുന്ന പാറ്റേണിൽ, നഷ്ടമായ സംഖ്യകൾ ഏവ?

0, 1, 1, 2, 3, 5, 8, —, 21, 34, —, 89

(A) 11, 43 (B) 15, 41

(C) 13, 55 (D) 17, 39

53. $(-2)^4 \times \left(\frac{3}{2}\right)^4 =$

(A) $6^4$ (B) $3^4$

(C) $2^4$ (D) $4^4$

**54.** 45 സംഖ്യകളുടെ ശരാശരി 150 ആണ്. 46 എന്ന സംഖ്യ 91 എന്ന് തെറ്റായി എഴുതിയതായി പിന്നീട് കണ്ടെത്തി, എങ്കിൽ ശരിയായ ശരാശരി എന്തായിരിക്കും?

(A) 149 (B) 151
(C) 147 (D) 153

**55.** 3, 5, 7, 9, .... എന്ന സമാന്തര പ്രോഗ്രഷന്റെ 24-ാം പദം എത്ര?

(A) 24 (B) 45
(C) 41 (D) 49

**56.** കൃഷ്ണന്റെ സഹോദരിയാണ് ഗൗരി. പിങ്കിയുടെ ചെറുമകനാണ് കൃഷ്ണൻ. സിമിയുടെ അമ്മയാണ് പിങ്കി. രാമന്റെ ഭാര്യയാണ് സിമി. പിങ്കി ഗൗരിയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

(A) അമ്മൂമ്മ (മുത്തശ്ശി) (B) സഹോദരി
(C) അമ്മ (D) ചെറുമകൾ

**57.** മഹേശ്വർ കിഴക്കോട്ട് 5 മീറ്ററും അവിടെനിന്ന് 4 മീറ്ററും പടിഞ്ഞാറോട്ട് നടന്നു. പിന്നീട് 5 മീറ്റർ വടക്കോട്ട് നീങ്ങി ഇടത്തോട്ട് തിരിഞ്ഞ് 1 മീറ്റർ നടന്നു. പ്രാരംഭ പോയന്റിൽ നിന്ന് അവർ പിന്നിട്ട ദൂരം എന്താണ്?

(A) 5 മീറ്റർ (B) 9 മീറ്റർ
(C) 1 മീറ്റർ (D) 8 മീറ്റർ

**58.** ഒരു കിഴിവ് സ്കീമിൽ, അടയാളപ്പെടുത്തിയ വിലയായ 4,800 രൂപയ്ക്ക് 35% കിഴിവ് ഉണ്ട്. എന്നാൽ വില്പന അന്തിമമായി 2,184 രൂപയ്ക്ക് ആണ് നടന്നത്. ഉപഭോക്താവിന് എന്ത് അധിക കിഴിവ് ലഭിച്ചു?

(A) 34% (B) 42%
(C) 30% (D) 20%

**59.** ഗ്രൂപ്പിലെ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായ നമ്പർ ജോഡി തിരഞ്ഞെടുക്കുക :

(A) 72, 12 (B) 120, 74
(C) 48, 36 (D) 96, 84

**60.** ഒരു പ്രത്യേക കോഡ് ഭാഷയിൽ CRUDE എന്നത് 5421183 എന്നും BOSTON എന്നത് 14152019152 എന്നും എഴുതിയിരിക്കുന്നു. ആ ഭാഷയിൽ DOCKET എങ്ങനെ എഴുതും?

(A) 815611520 (B) 401022630
(C) 169251202 (D) 205113154

61. Don't look down ———— the poor.

(A) at (B) below
(C) upon (D) to

62. This is ———— mountain in the area. Are you sure you can climb it?

(A) steep (B) the steeper
(C) as steep as (D) the steepest

63. Neither my friends nor the bookstore ———— the book I need.

(A) do not have (B) have
(C) has (D) has not

64. I tried to explain, but he refused ———— and went on ————.

(A) to listen, grumbling (B) listening, to grumble
(C) listen, grumble (D) in listening, for grumbling

65. They showed her the easiest way to do it :
The passive form of the sentence is

(A) She was shown the easiest way to do it
(B) The easiest way to do it was showed by them
(C) They shown her the easiest way to do it
(D) It was shown by them the easiest way

66. A ———— of sailors.

(A) Choir (B) Board
(C) Gang (D) Crew

67. Her iron will and ———— commitment put her on the top.

(A) docile (B) knavery
(C) unflinching (D) irresolute

68. If you are 'under a cloud' it means that

(A) You are in an aeroplane (B) You are in trouble
(C) You are wet (D) You are comfortable

69. The Expansion of NCLT is :

(A) National Children's Literature Trust
(B) National Company Law Tribunal
(C) National Commission for Protection of Lions and Tigers
(D) Nearest Centre for Language Teaching

70. Pick out the correctly spelt word :

(A) dearth (B) truece
(C) campain (D) scufle

71. അടിയിൽ വരച്ചിരിക്കുന്ന ശൈലിയുടെ ശരിയായ അർത്ഥം തിരഞ്ഞെടുക്കുക :
<u>അകത്തമ്മ ചമഞ്ഞു</u> നടക്കുന്നവരുടെ അവസ്ഥ പലപ്പോഴും അബദ്ധമായിരിക്കും

(A) എപ്പോഴും വീട്ടിൽ തന്നെ ഇരിക്കുക
(B) വലിയ മേന്മ നടിക്കുക
(C) അമ്മമാരുടെ വേഷം കെട്ടുക
(D) മാതാപിതാക്കളെ അനുസരിക്കാതിരിക്കുക

72. അടിയിൽ വരച്ചിരിക്കുന്ന വാക്യങ്ങളുടെ ഒറ്റപ്പദം തിരഞ്ഞെടുത്തെഴുതുക :
രാമന്റെ അടുത്ത് തിരിച്ചെത്തിയ ഹനുമാൻ <u>വളരെയധികം സംസാരിക്കുന്നവനായി</u> കാണപ്പെട്ടു

(A) മൃദുഭാഷി
(B) വാചാലൻ
(C) അതിവാചാലൻ
(D) വാഗ്മി

73. ബ്രാക്കറ്റിൽ നിന്നും ശരിയായ വാക്ക് തിരഞ്ഞെടുത്ത് എഴുതുക :

(A) അന്തസ്
(B) അന്തസ്സ്
(C) അന്ധസ്സ്
(D) അന്ധസ്

74. അടിയിൽ വരച്ചിരിക്കുന്ന പദത്തിന്റെ വിപരീതപദം എഴുതുക :
<u>അനശ്വരത</u>യെ കുറിച്ചുള്ള ചിന്തകളാണ് മനുഷ്യനെ ആത്മീയതയിലേക്ക് നയിക്കുന്നത്

(A) നൈരാശ്യം
(B) നശ്വരം
(C) നരകം
(D) നിരന്തരം

75. നദിയുടെ പര്യായം അല്ലാത്ത പദം ഏത്?

(A) ദ്വീപവതി
(B) ധുനി
(C) സ്രോതസ്സ്
(D) പയോദം

76. വാക് + മയം ചേർത്തെഴുതുക :

(A) വാക്മയം
(B) വാഗ്മയം
(C) വാങ്മയം
(D) ഇവയൊന്നുമല്ല

77. പലവുരു പിരിച്ചെഴുതുക :

(A) പല + ഒരു
(B) പല + വുരു
(C) പല + കുരു
(D) പല + ഉരു

78. സംസ്കൃതത്തിൽ ഉള്ളതും മലയാളത്തിൽ ഇല്ലാത്തതുമായ വചനരൂപം ഏത്?

(A) ഏകവചനം
(B) ദ്വിവചനം
(C) ബഹുവചനം
(D) പൂജകബഹുവചനം

79. മലാല യൂസഫ്സായുടെ ആത്മകഥ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആര്?

(A) പി.വി. ആൽബി
(B) സി.എം. രാജൻ
(C) പി.ആർ. നായർ
(D) വി.കെ. ഉണ്ണികൃഷ്ണൻ

80. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം ഏത്?

(A) ജാഥയിൽ ഏകദേശം ആയിരത്തോളം ആളുകളുണ്ടായിരുന്നു
(B) ഉദ്ദേശം ഇരുപതിനടുത്ത് കുടുംബങ്ങൾ മാത്രമേ അവിടെ താമസിക്കുന്നുള്ളൂ
(C) ഏറെക്കുറെ അമ്പതിനകം ആളുകളേ വന്നുള്ളൂ
(D) നാല്പതിലധികം വണ്ടികൾ ഈ റൂട്ടിൽ ഓടുന്നു

81. താഴെ പറയുന്നവയിൽ ഏതാണ് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ നൽകാവുന്ന വിവരം :

(A) വ്യാപാര രഹസ്യങ്ങൾ

(B) വ്യക്തികൾ തമ്മിലുള്ള വിശ്വസ്ഥബന്ധം മൂലം ലഭ്യമായ വിവരങ്ങൾ

(C) വിദേശ സർക്കാരിൽ നിന്ന് രഹസ്യമായി ലഭിച്ച വിവരം

(D) മന്ത്രിസഭ തീരുമാനങ്ങൾ

82. കൊക്കെയൻ എന്ന മയക്കുമരുന്ന് ഉപയോഗിക്കുന്ന വ്യക്തികൾക്ക് ലഭിക്കുന്ന പരമാവധി തടവ് ശിക്ഷ :

(A) 1 വർഷം വരെ കഠിനതടവ്

(B) 6 മാസം വരെ കഠിനതടവ്

(C) 2 വർഷം വരെ കഠിനതടവ്

(D) 3 വർഷം വരെ കഠിനതടവ്

83. കുട്ടികളുടെ അശ്ലീലചിത്രങ്ങൾ സാമൂഹിക മാധ്യമം വഴി വിതരണം ചെയ്യുന്നത് വിവരസാങ്കേതിക വിദ്യാനിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് കുറ്റംകൃത്യം ആകുന്നത്?

(A) 67 (B) വകുപ്പ് പ്രകാരം

(B) 65-ാം വകുപ്പ് പ്രകാരം

(C) 66-ാം വകുപ്പ് പ്രകാരം

(D) 68-ാം വകുപ്പ് പ്രകാരം

84. കേരള പോലീസ് ആക്റ്റ് പ്രകാരം പരാതിക്കാരായ സ്ത്രീകളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടി താഴെപ്പറയുന്നവയിൽ ഏതാണ്?

(1) എല്ലാ പോലീസ് സ്റ്റേഷനിലും വനിത പോലീസിന്റെ സേവനം ഉറപ്പ് വരുത്തുക

(2) ജനമൈത്രി പോലീസ് സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട്

(3) പരാതിക്കാർക്ക് അഭിഭാഷകന്റെ സേവനം ഉറപ്പ് വരുത്തികൊണ്ട്

(4) എല്ലാ പ്രദേശത്തും കമ്മ്യൂണിറ്റി സമ്പർക്കസമിതി രൂപീകരിച്ചുകൊണ്ട്

(A) (1) ഉം (3) ഉം നടപടികൾ

(B) (1)-ാമത്തെ നടപടി മാത്രം

(C) (1) ഉം, (3) ഉം, (4) ഉം നടപടികൾ

(D) (3)-ാമത്തെ നടപടി മാത്രം

85. എയ്ഡ്സ് ബാധ്യതനായ ഒരു വ്യക്തി രോഗം പരത്തണമെന്ന ഉദ്ദേശത്തോടെ രോഗവിവരം മറച്ച് വെച്ച് മറ്റ് ആളുകളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ ലഭിക്കുന്ന തടവ് ശിക്ഷ :

(A) 2 വർഷം വരെ വരുന്ന തടവ് ശിക്ഷ

(B) 1 വർഷം വരെ വരുന്ന തടവ് ശിക്ഷ

(C) 6 മാസം വരെ വരുന്ന തടവ് ശിക്ഷ

(D) 3 മാസം വരെ വരുന്ന തടവ് ശിക്ഷ

86. താഴെ പറയുന്നവയിൽ ഏതാണ് വാറണ്ട് കേസ്സ് ആയി പരിഗണിക്കാവുന്ന കുറ്റകൃത്യം :

(A) 6 മാസത്തിൽ കവിയുന്ന തടവ് ശിക്ഷ ലഭിക്കുന്ന കുറ്റ കൃത്യം

(B) 1 വർഷത്തിൽ കവിയുന്ന തടവ് ശിക്ഷ ലഭിക്കുന്ന കുറ്റ കൃത്യം

(C) 2 വർഷത്തിൽ കവിയുന്ന തടവ് ശിക്ഷ ലഭിക്കുന്ന കുറ്റ കൃത്യം

(D) 1 മാസം തടവ് ശിക്ഷ ലഭിക്കുന്ന കുറ്റ കൃത്യം

87. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏതാണ്?

(1) പോലീസ് ഉദ്യോഗസ്ഥന് നൽകുന്ന കുറ്റസമ്മതം പൂർണ്ണമായും കോടതിയിൽ തെളിവായി സ്വീകരിക്കാവുന്നതാണ്

(2) പോലീസ് ഉദ്യോഗസ്ഥന് നൽകിയ കുറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിൽ പ്രതി കുറ്റകൃത്യം ചെയ്യാൻ ഉപയോഗിച്ച ആയുധം കണ്ടെത്തിയാൽ ആ മൊഴി കോടതിയിൽ തെളിവായി സ്വീകരിക്കാവുന്നതാണ്

(3) പോലീസ് ഉദ്യോഗസ്ഥന് പ്രതി നല്കുന്ന കുറ്റസമ്മതം പൂർണ്ണമായും കോടതി തള്ളി കളയുന്ന താണ്

(4) പോലീസ് ഉദ്യോഗസ്ഥന് പ്രതി നല്കിയ കുറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിൽ മറ്റു കൂട്ടുപ്രതി കളെ അറസ്റ്റ് ചെയ്താൽ ആ മൊഴി തെളിവായി സ്വീകരിക്കാവുന്നതാണ്

(A) എല്ലാ പ്രസ്താവനകളും ശരിയാണ്
(B) (2)-ാമത്തെ പ്രസ്താവന മാത്രം ശരിയാണ്
(C) (3)-ാമത്തെ പ്രസ്താവന മാത്രം ശരിയാണ്
(D) (2) ഉം (4) ഉം പ്രസ്താവനകൾ ശരിയാണ്

88. ലൈംഗിക ഉദ്ദേശത്തോടെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ സ്വകാര്യ ഭാഗത്ത് തൊടുന്ന വ്യക്തിക്ക് ലഭിക്കാവുന്ന തടവ് ശിക്ഷ എത്രയാണ്?

(A) 3 വർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷ

(B) 2 വർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷ

(C) 3 വർഷത്തിൽ കുറയാത്തതും ഏഴു വർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷ

(D) 1 വർഷത്തിൽ കുറയാത്തതും മൂന്നു വർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷ

89. വിവരാവകാശ നിയമപ്രകാരം മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട ഒരു വിവരം നൽകുവാൻ സാധിക്കുമോ എന്നത് എത്ര ദിവസത്തിനുള്ളിൽ അപേക്ഷകനെ അറിയിക്കണം?

(A) 30 ദിവസത്തിനകം
(B) 15 ദിവസത്തിനകം
(C) 40 ദിവസത്തിനകം
(D) 60 ദിവസത്തിനകം

90. നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ് ആക്റ്റ് (ഇന്ത്യ) 1985 ലെ ഏത് വകുപ്പ് പ്രകാരമാണ് കുറ്റവാളികൾക്ക് ധനസഹായം നൽകുന്നത് കുറ്റകൃത്യമാകുന്നത്?

(A) വകുപ്പ് 27 (എ)
(B) വകുപ്പ് 28
(C) വകുപ്പ് 26
(D) വകുപ്പ് 29

91. താഴെ പറയുന്നതിൽ ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക :

(1) ഒരു പോലീസ് ഉദ്യോഗസ്ഥന് തന്റെ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഏത് സ്ഥലത്തും എപ്പോൾ വേണമെങ്കിലും പ്രവേശിക്കാവുന്നതാണ്
(2) പോലീസ് ഉദ്യോഗസ്ഥന് കുറ്റകൃത്യം തടയുന്നതിനായി ഏതൊരു വ്യക്തിയുടെയും സേവനം ആവശ്യപ്പെടാവുന്നതാണ്
(3) ആവശ്യപ്പെട്ട സേവനം നൽകാത്ത വ്യക്തിയെ അറസ്റ്റ് ചെയ്യാനുള്ള അധികാരം പോലീസ് ഉദ്യോഗസ്ഥനുണ്ട്
(4) കുറ്റകൃത്യം ചെയ്യാനുപയോഗിച്ച വസ്തു പിടിച്ചെടുക്കാൻ പോലീസ് ഉദ്യോഗസ്ഥന് അധികാരമുണ്ട്

(A) എല്ലാ പ്രസ്താവനകളും ശരിയാണ്
(B) (1) ഉം (2) ഉം പ്രസ്താവനകൾ ശരിയാണ്
(C) (4)-ാമത്തെ പ്രസ്താവന മാത്രം ശരിയാണ്
(D) (3)-ാമത്തെ പ്രസ്താവന മാത്രം ശരിയാണ്

92. ബൈക്ക് യാത്രികർ ഒരു സ്ത്രീയെ അക്രമിച്ച് അവരുടെ കൈവശമുള്ള സ്വർണ്ണം ബലമായി പിടിച്ചെടുത്താൽ ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം അവർ ചെയ്യുന്ന കുറ്റകൃത്യം ഏതാണ്?

(A) മോഷണം
(B) കവർച്ച
(C) ഭയപ്പെടുത്തി അപഹരിക്കൽ
(D) സംഘകവർച്ച

93. കൊലപാതക കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്ന നേരത്ത് ദേഹപരിശോധന നടത്താൻ അധികാരപെട്ടവർ ആരാണ്?

(A) സ്വകാര്യ വ്യക്തിയാണ് പ്രതിയെ അറസ്റ്റ് ചെയ്യുന്നതെങ്കിൽ ആ വ്യക്തി
(B) സീനിയർ പോലീസ് ഉദ്യോഗസ്ഥൻ
(C) അറസ്റ്റ് രേഖപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥൻ
(D) എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്

94. പൊതുജനങ്ങൾക്ക് അസഹ്യത ഉളവാക്കുന്ന രീതിയിൽ പൊതുസ്ഥലത്ത് വെച്ച് മൃഗങ്ങളെ കശാപ്പ് ചെയ്താൽ ലഭിക്കുന്ന തടവ് ശിക്ഷ :

(A) 1 വർഷം വരെ
(B) 6 മാസം വരെ
(C) 2 വർഷം വരെ
(D) 3 വർഷം വരെ

95. താഴെ പറയുന്ന ഏത് സാഹചര്യത്തിലാണ് കോടതി മരണമൊഴി തെളിവായി സ്വീകരിക്കുന്നത് :

(1) സ്വമേധയാ നൽകിയ മരണമൊഴി
(2) മജിസ്ട്രേറ്റ് രേഖപ്പെടുത്തിയ മരണമൊഴി
(3) മജിസ്ട്രേറ്റിന്റെ അഭാവത്തിൽ പോലീസ് രേഖപ്പെടുത്തിയ മരണമൊഴി
(4) സംസാരശേഷി ഇല്ലാത്ത വ്യക്തി ആംഗ്യഭാഷയിൽ നൽകിയ മരണമൊഴി

(A) എല്ലാ സാഹചര്യത്തിലും തെളിവായി സ്വീകരിക്കാവുന്നതാണ്
(B) (1) ഉം (2) ഉം സാഹചര്യത്തിൽ തെളിവായി സ്വീകരിക്കാവുന്നതാണ്
(C) (1) ഉം (2) ഉം (3) ഉം സാഹചര്യങ്ങളിൽ തെളിവായി സ്വീകരിക്കാവുന്നതാണ്
(D) (1) ഉം (2) ഉം (4) ഉം സാഹചര്യങ്ങളിൽ തെളിവായി സ്വീകരിക്കാവുന്നതാണ്

96. സാങ്കേതിക വിദ്യാനിയമപ്രകാരം ഒരു വ്യക്തി മറ്റൊരാളുടെ ഇലക്ട്രോണിക് സിഗ്നേച്ചർ അവരെ വഞ്ചിക്കണമെന്ന ഉദ്ദേശത്തോടെ ഉപയോഗിച്ചാൽ ലഭിക്കുന്ന ശിക്ഷ :

(A) 3 വർഷം തടവും ഒരു ലക്ഷം രൂപ പിഴയും
(B) 2 വർഷം തടവും ഒരു ലക്ഷം രൂപ പിഴയും
(C) 1 വർഷം തടവും രണ്ടു ലക്ഷം രൂപ പിഴയും
(D) 3 വർഷം തടവും രണ്ടു ലക്ഷം രൂപ പിഴയും

97. താഴെ പറയുന്നവയിൽ നിന്ന് ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക :

(1) ബുദ്ധി സ്ഥിരതയില്ലാത്ത സമയത്ത് ഒരാൾ മറ്റൊരാളെ ആക്രമിച്ചാൽ അത് കുറ്റകൃത്യമായി കണക്കാക്കും
(2) സ്വമേധയാ ലഹരിക്കടിമയായ വ്യക്തി മറ്റൊരാളെ ആക്രമിച്ചാൽ അത് കുറ്റകൃത്യമായി കണക്കാക്കും
(3) അദ്ധ്യാപകൻ വിദ്യാർത്ഥികളെ അച്ചടക്കപാലനത്തിന്റെ ഭാഗമായി ശിക്ഷിച്ചാൽ അത് കുറ്റകൃത്യമായി കണക്കാക്കും
(4) ഏഴ് വയസ്സ് തികയാത്ത കുട്ടി ചെയ്യുന്ന മോഷണം കുറ്റകൃത്യമായി കണക്കാക്കും

(A) (2) ഉം (3) ഉം പ്രസ്താവനകൾ ശരിയാണ്
(B) (1) ഉം (2) ഉം (3) ഉം പ്രസ്താവനകൾ ശരിയാണ്
(C) (2)-ാമത്തെ പ്രസ്താവന മാത്രം ശരിയാണ്
(D) എല്ലാ പ്രസ്താവനകളും ശരിയാണ്

98. ക്രിമിനൽ നടപടി നിയമ പ്രകാരം കുറ്റസമ്മതം രേഖപ്പെടുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ :

(A) എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്
(B) ജുഡീഷ്യൽ മജിസ്ട്രേറ്റ്
(C) അന്വേഷണ ഉദ്യോഗസ്ഥൻ
(D) അഭിഭാഷകൻ

99. ലൈംഗീക ഉദ്ദേശ്യത്തോടെ പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് നീലചിത്രങ്ങൾ കാണിച്ചുകൊടുക്കുന്നത് താഴെ പറയുന്നവയിൽ ഏത് കുറ്റകൃത്യമായിട്ടാണ് കണക്കാക്കുന്നത്?

(A) ലൈംഗീക പീഡനം
(B) ലൈംഗീകാതിക്രമം
(C) ഗൗരവതര ലൈംഗീക പീഡനം
(D) ഗൗരവതര ലൈംഗീകാതിക്രമം

100. താഴെ പറയുന്നതിൽ ശരിയായ പ്രസ്താവന ഏത്?

(1) 18 വയസ്സ് പൂർത്തിയാകാത്ത ആൺകുട്ടിയെ രക്ഷിതാവിന്റെ സമ്മതമില്ലാതെ അവരുടെ സംരക്ഷണത്തിൽ നിന്ന് മറ്റൊരിടത്ത് കൊണ്ടുപോകുന്നത് 'തട്ടികൊണ്ട് പോകൽ' ആണ്
(2) പ്രായഭേദമെന്യേ വ്യക്തികളെ അവരുടെ സമ്മതം കൂടാതെ മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നത് 'തട്ടികൊണ്ട് പോകൽ' എന്ന കുറ്റകൃത്യം ആണ്
(3) 18 വയസ്സ് പൂർത്തിയാകാത്ത പെൺകുട്ടിയെ രക്ഷിതാവിന്റെ സമ്മതമില്ലാതെ അവരുടെ സംരക്ഷണത്തിൽ നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നത് 'തട്ടികൊണ്ട് പോകൽ' എന്ന കുറ്റകൃത്യം ആണ്

(A) എല്ലാ പ്രസ്താവനകളും ശരിയാണ്
(B) (3)-ാമത്തെ പ്രസ്താവന മാത്രം ശരിയാണ്
(C) (1) ഉം (3) ഉം പ്രസ്താവനകൾ ശരിയാണ്
(D) (2)-ാമത്തെ പ്രസ്താവന മാത്രം ശരിയാണ്

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK

FINAL ANSWER KEY

Question Paper Code: 127/2023

POLICE CONSTABLE (Armed Police Battalion) - KERALA POLICE

Medium of Question: ENGLISH/MALAYALAM

Date of Test: 22/07/2023

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | D | B | A | C |
| 2 | C | A | C | D |
| 3 | B | C | D | D |
| 4 | A | D | D | C |
| 5 | C | D | C | B |
| 6 | D | C | B | A |
| 7 | X | D | A | B |
| 8 | A | A | B | X |
| 9 | D | B | X | A |
| 10 | D | X | A | D |
| 11 | A | A | D | D |
| 12 | B | D | D | A |
| 13 | D | C | D | B |
| 14 | A | D | B | C |
| 15 | C | B | C | D |
| 16 | D | C | D | A |
| 17 | B | D | A | C |
| 18 | C | A | C | D |
| 19 | A | C | D | C |
| 20 | A | D | A | A |
| 21 | C | D | C | C |
| 22 | D | A | A | X |
| 23 | D | C | C | D |
| 24 | A | A | X | A |
| 25 | C | C | D | B |
| 26 | A | X | A | A |
| 27 | C | D | B | A |
| 28 | X | A | A | C |
| 29 | D | B | A | D |
| 30 | A | A | C | D |
| 31 | B | A | D | A |
| 32 | B | A | A | B |
| 33 | X | A | B | B |
| 34 | C | B | B | X |
| 35 | A | B | X | C |
| 36 | A | X | C | A |
| 37 | B | C | A | A |
| 38 | B | A | A | C |
| 39 | A | A | C | B |
| 40 | A | C | B | A |
| 41 | C | B | A | A |
| 42 | A | D | B | C |
| 43 | D | B | C | A |
| 44 | B | C | A | D |
| 45 | C | A | D | B |
| 46 | A | C | D | C |
| 47 | C | D | C | C |
| 48 | D | C | C | A |
| 49 | C | C | A | C |
| 50 | C | A | C | D |
| 51 | B | B | D | X |
| 52 | C | A | A | C |
| 53 | B | D | X | B |
| 54 | A | A | C | D |
| 55 | D | X | B | B |
| 56 | A | C | D | C |
| 57 | X | B | B | B |
| 58 | C | D | C | A |
| 59 | B | B | B | D |
| 60 | D | C | A | A |
| 61 | C | C | A | C |
| 62 | D | A | D | B |
| 63 | C | A | C | B |
| 64 | A | D | B | A |
| 65 | A | C | B | C |
| 66 | D | B | A | D |
| 67 | C | B | C | C |
| 68 | B | A | D | A |
| 69 | B | C | C | A |
| 70 | A | D | A | D |
| 71 | B | B | D | D |
| 72 | C | B | C | B |
| 73 | B | D | D | A |
| 74 | B | C | B | D |
| 75 | D | D | A | B |
| 76 | C | B | D | C |
| 77 | D | A | B | B |
| 78 | B | D | C | B |
| 79 | A | B | B | D |
| 80 | D | C | B | C |
| 81 | D | A | A | B |
| 82 | A | B | C | A |
| 83 | A | A | B | C |
| 84 | B | C | A | A |
| 85 | A | B | C | C |
| 86 | C | A | A | B |
| 87 | B | C | C | C |
| 88 | A | A | B | A |
| 89 | C | C | C | A |
| 90 | A | B | A | A |
| 91 | C | C | A | C |
| 92 | B | A | A | B |
| 93 | C | A | C | B |
| 94 | A | A | B | B |
| 95 | A | C | B | D |
| 96 | A | B | B | A |
| 97 | C | B | D | A |
| 98 | B | B | A | B |
| 99 | B | D | A | A |
| 100 | B | A | B | C |

'X' DENOTES DELETION